**III ഇ.ബി. XII-കേരള നിയമസഭ /V-9**

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## <u>2007 ജൂലായ് 5, വ്യാഴം</u>

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*271, *272, &*273) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. ശ്രദ്ധക്ഷണിക്കൽ

(1) കൊച്ചി കോർപ്പറേഷന്റെ പരിധിയിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്ന കാര്യത്തിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിവിധ പ്രശ്നങ്ങളിലേയ്ക്ക് പ്രൊഫ. കെ. വി. തോമസ് ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(2) വിദേശ ഇൻഡ്യാക്കാരുടെ എൻ. ആർ.ഐ. നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ച് പ്രവാസി ഇൻഡ്യാക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

## III. സബ്മിഷൻ

(1) സ്വതന്ത്രവും നിഷ്പക്ഷവുമായ പത്രപ്രവർത്തനം സംബന്ധിച്ച് ശ്രീ. കെ. സുധാകരൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) റവന്യൂ, വനം വകുപ്പുകളുടെ കീഴിലുള്ള ഭൂമിയുടെ പാട്ട നിരക്ക് സംബന്ധിച്ച് ശ്രീ. പി. സി. ജോർജ്ജ് ഉന്നയിച്ച സബ്മിഷനും;

പാട്ട വ്യവസ്ഥകൾ ലംഘിച്ച് ക്ളബ്ബുകൾ കൈവശം വച്ചിട്ടുള്ള ഭൂമി ലാന്റ് ബാങ്കിൽ കൂട്ടിച്ചേർക്കേണ്ടത് സംബന്ധിച്ച് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷനും റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(3) മെഡിക്കൽ കോളേജ് ആസ്ഥാനമാക്കി മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ. സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) വൈറ്റിലയിൽ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് സ്ഥലം വിട്ടുകൊടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(5) കാസർകോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) ചിറ്റൂർ ഷുഗർ മില്ലിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(7) ക്ഷേത്ര പ്രവേശനം സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) വ്യാജ പട്ടയങ്ങളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കെ.എസ്.യു. പ്രവർത്തകരുടെ മാർച്ചിനുനേരെ നടന്ന ലാത്തിച്ചാർജ് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(10) ചാലക്കുടി റിഫ്രാക്ടറീസിന്റെ വക സ്ഥലം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സി ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(11) സായാഹ്ന കൈരളി ചീഫ് എഡിറ്ററുടെ വീടിനുനേരെയുണ്ടായ ആക്രമണം സംബന്ധിച്ച് ശ്രീ. ജോസ് തെറ്റയിൽ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) കാലവർഷത്തിൽ തകർന്ന ശംഖുമുഖം-എയർപോർട്ട് റോഡ് നന്നാക്കുന്നതു സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) മലപ്പുറം ജില്ലയിലുണ്ടായ കാലവർഷക്കെടുതി സംബന്ധിച്ച് ശ്രീ.എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(14) മണലൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിക്കിരയായവർക്ക് സഹായം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(15) എടയ്ക്കാട് നിയോജകമണ്ഡലത്തിലെ കാലവർഷക്കെടുതി സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

## IV.മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI. പ്രസ്താവന

അനധികൃത ഭൂമി കയ്യേറ്റം സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

## VII. ക്രമ പ്രശ്നം

ശ്രീ. കെ. സുധാകരൻ ഉന്നയിച്ച സബ്മിഷന് ബന്ധപ്പെട്ട മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ ചർച്ചയിൽ ഇടപെട്ട് സംസാരിച്ച സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നടത്തിയ പരാമർശം നീക്കംചെയ്യണമെന്ന ശ്രീ. കെ. ബാബുവിന്റെ ക്രമപ്രശ്നത്തിന് വാക്കുകൊണ്ടോ ആംഗ്യം കൊണ്ടോ സഭയ്ക്ക് യോജിക്കാത്തവിധത്തിലുള്ള പരാമർശം സഭയുടെ ഇരുഭാഗത്തു നിന്നുമുണ്ടാകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## VIII.ധനകാര്യം

<u>2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3764,30,19,000 രൂപ അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പ്രമേയത്തെ റവന്യൂ വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. പ്രൊഫ. കെ. വി. തോമസ്
2. പ്രൊഫ. സി. രവീന്ദ്രനാഥ്
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. രാജാജി മാത്യു തോമസ്
5. ശ്രീ. റോഷി അഗസ്റ്റിൻ
6. ശ്രീ. ജോസ് തെറ്റയിൽ
7. ശ്രീ. വി. സുരേന്ദ്രൻ പിള്ള
8. ശ്രീ. വി. ശശികുമാർ
9. ശ്രീ. തോമസ് ചാണ്ടി
10. ശ്രീ. പി. എം. എ. സലാം
11. ശ്രീ. കെ.ടി. ജലീൽ
12. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
13. ശ്രീ. എ. പി. അനിൽകുമാർ
14. ശ്രീ. വി. ചെന്താമരാക്ഷൻ
15. ശ്രീ. കെ. അജിത്
16. ശ്രീ. വി. എൻ. വാസവൻ
17. ശ്രീ. ജി. കാർത്തികേയൻ

ധനാഭ്യർത്ഥന ചർച്ചയ്ക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന 33-നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX. വ്യക്തിപരമായ വിശദീകരണം

ശ്രീ. വി. എൻ. വാസവൻ പ്രസംഗത്തിനിടയിൽ നടത്തിയ പരാമർശങ്ങളെ സംബന്ധിച്ച് പ്രതിപക്ഷനേതാവ് വ്യക്തിപരമായ വിശദീകരണം നൽകി.

2007 ജൂലായ് മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.